**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3997** **03-03-2023 - ൽ മറുപടിയ്ക്ക്**

**അവയവങ്ങൾ മുറിച്ച് മാറ്റിയവർക്ക് തുടർ ചികിത്സയും പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ അപകടത്തിൽപ്പെട്ട് കൈയ്യോ കാലോ മുറിച്ച് മാറ്റപ്പെട്ടവർ എത്ര പേരുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | **പ്രസ്തുത വിവരം പ്രത്യേകമായി ശേഖരിച്ചിട്ടില്ല.** |
| (ബി) | ഇപ്രകാരം അവയവങ്ങൾ മുറിച്ച് മാറ്റിയവരുടെ തുടർ ചികിത്സക്കും പുനരധിവാസത്തിനുമായി എന്തെങ്കിലും സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള Limb Fitting Centre-റുകൾ വഴി കൃത്രിമ കൈ/കാലുകൾ വയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. MACT കേസുകളിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ബോർഡ് മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വരുന്നുണ്ട്. താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ ചികിത്സകൾ ലഭ്യമാണ്. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ 27 PMR Unit വഴി ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു.<br><br>ഗവ. മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടി തുടർചികിത്സയും പുനരധിവാസവും കിടത്തി<br><br>ചികിത്സയും (IP & OP) നൽകിവരുന്നു. കൂടാതെ ഫിസിക്കൽ മെഡിസിന്റെ ആർട്ടിഫിഷ്യൽ സെന്ററിൽ രജിസ്ട്രേഷൻ ക്രമമനുസരിച്ച് കൃത്രിമ കാലുകളും കൈകളും നിർമ്മിച്ച് നൽകിവരുന്നു.<br><br>ആരോഗ്യവകുപ്പിന് കീഴിൽ താഴെ പറയുന്ന 11 Limb fitting centre-കൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1) ജനറൽ ആശുപത്രി തിരുവനന്തപുരം,<br><br>2) ജില്ലാ ആശുപത്രി കൊല്ലം,<br><br>3)താലൂക്കാശുപത്രി പുനലൂർ,<br><br>4) ജില്ലാ ആശുപത്രി കോഴഞ്ചേരി, |

| | | | |
|---|---|---|---|
| | | | 5)ജില്ലാ ആശുപത്രി ആലപ്പുഴ,<br><br>6) ലെപ്രസി സാനിറ്റോറിയം നൂറനാട്,<br><br>7) ജനറൽ ആശുപത്രി എറണാകുളം,<br><br>8) ജനറൽ ആശുപത്രി തൃശ്ശൂർ,<br><br>9) ജനറൽ ആശുപത്രി പാലക്കാട്,<br><br>10) ജില്ലാ ആശുപത്രി കണ്ണൂർ,<br><br>11) ജില്ലാ ആശുപത്രി തിരൂർ.<br><br>കേരളത്തിൽ തിരുവനന്തപുരം,കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ സൗകര്യം ലഭ്യമാണ്. കേരള സംസ്ഥാന ബി.പി.എൽ. റേഷൻ കാർഡുകാർക്ക് ഇവ സൗജന്യമായി നൽകപ്പെടുന്നു. |
| (സി) | മേൽപ്പറഞ്ഞവർക്ക് കൃത്രിമ കാൽ ഉൾപ്പെടെയുള്ള അവയവങ്ങൾ നിർമ്മിച്ച് നൽകുന്നതിന് സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള Limb Fitting Centre-റുകൾ വഴി കൃത്രിമ കൈ/കാലുകൾ വയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. MACT കേസുകളിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ബോർഡ് മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വരുന്നുണ്ട്. താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ ചികിത്സകൾ ലഭ്യമാണ്. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ 27 PMR Unit വഴി ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു.<br><br>ഗവ. മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടി തുടർചികിത്സയും പുനരധിവാസവും കിടത്തി ചികിത്സയും (IP & OP) നൽകിവരുന്നു. കൂടാതെ ഫിസിക്കൽ മെഡിസിന്റെ ആർട്ടിഫിഷ്യൽ സെന്ററിൽ രജിസ്ട്രേഷൻ ക്രമമനുസരിച്ച് കൃത്രിമ കാലുകളും കൈകളും നിർമ്മിച്ച് നൽകിവരുന്നു.<br><br>ആരോഗ്യവകുപ്പിന് കീഴിൽ താഴെ പറയുന്ന 11 Limb fitting centre-കൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1) ജനറൽ ആശുപത്രി തിരുവനന്തപുരം,<br><br>2) ജില്ലാ ആശുപത്രി കൊല്ലം,<br><br>3)താലൂക്കാശുപത്രി പുനലൂർ,<br><br>4) ജില്ലാ ആശുപത്രി കോഴഞ്ചേരി,<br><br>5)ജില്ലാ ആശുപത്രി ആലപ്പുഴ, |

| | | | |
|---|---|---|---|
| | | | 6) ലെപ്രസി സാനിറ്റോറിയം നൂറനാട്,<br><br>7) ജനറൽ ആശുപത്രി എറണാകുളം,<br><br>8) ജനറൽ ആശുപത്രി തൃശ്ശൂർ,<br><br>9) ജനറൽ ആശുപത്രി പാലക്കാട്,<br><br>10) ജില്ലാ ആശുപത്രി കണ്ണൂർ,<br><br>11) ജില്ലാ ആശുപത്രി തിരൂർ.<br><br>കേരളത്തിൽ തിരുവനന്തപുരം,കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ സൗകര്യം ലഭ്യമാണ്. കേരള സംസ്ഥാന ബി.പി.എൽ. റേഷൻ കാർഡുകാർക്ക് ഇവ സൗജന്യമായി നൽകപ്പെടുന്നു. |
| (ഡി) | വിദേശ കമ്പനികളിൽ നിന്നും വാങ്ങുന്ന കൃത്രിമ കാൽ പരിചരണത്തിന് ഭീമമായ തുക ഓരോ വർഷവും ചെലവഴിക്കേണ്ടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് കൃത്രിമ കാൽ വയ്ക്കുന്നതിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള Limb Fitting Centre-റുകൾ വഴി കൃത്രിമ കൈ/കാലുകൾ വയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. MACT കേസുകളിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ബോർഡ് മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വരുന്നുണ്ട്. താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ ചികിത്സകൾ ലഭ്യമാണ്. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ 27 PMR Unit വഴി ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു.<br><br>ഗവ. മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടി തുടർചികിത്സയും പുനരധിവാസവും കിടത്തി ചികിത്സയും (IP & OP) നൽകിവരുന്നു. കൂടാതെ ഫിസിക്കൽ മെഡിസിന്റെ ആർട്ടിഫിഷ്യൽ സെന്ററിൽ രജിസ്ട്രേഷൻ ക്രമമനുസരിച്ച് കൃത്രിമ കാലുകളും കൈകളും നിർമ്മിച്ച് നൽകിവരുന്നു.<br><br>ആരോഗ്യവകുപ്പിന് കീഴിൽ താഴെ പറയുന്ന 11 Limb fitting centre-കൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1) ജനറൽ ആശുപത്രി തിരുവനന്തപുരം,<br><br>2) ജില്ലാ ആശുപത്രി കൊല്ലം,<br><br>3)താലൂക്കാശുപത്രി പുനലൂർ,<br><br>4) ജില്ലാ ആശുപത്രി കോഴഞ്ചേരി,<br><br>5)ജില്ലാ ആശുപത്രി ആലപ്പുഴ,<br><br>6) ലെപ്രസി സാനിറ്റോറിയം നൂറനാട്, |

| | | | |
|---|---|---|---|
| | | | 7) ജനറൽ ആശുപത്രി എറണാകുളം,<br><br>8) ജനറൽ ആശുപത്രി തൃശ്ശൂർ,<br><br>9) ജനറൽ ആശുപത്രി പാലക്കാട്,<br><br>10) ജില്ലാ ആശുപത്രി കണ്ണൂർ,<br><br>11) ജില്ലാ ആശുപത്രി തിരൂർ.<br><br>കേരളത്തിൽ തിരുവനന്തപുരം,കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ സൗകര്യം ലഭ്യമാണ്. കേരള സംസ്ഥാന ബി.പി.എൽ. റേഷൻ കാർഡുകാർക്ക് ഇവ സൗജന്യമായി നൽകപ്പെടുന്നു. |

സെക്ഷൻ ഓഫീസർ